7. ആഗോള ഗ്രാമത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കേരളത്തിലെ വിദഗ്ദ്ധ തൊഴിലാളികളെ മറ്റ് രാജ്യങ്ങളിലേക്ക് അയയ്ക്കാനും വിദേശ രാജ്യങ്ങളിൽ സംയുക്തമേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനും എംബസികളുമായി സഹകരിച്ച് ഒഡേപെക് കർമ്മപദ്ധതി നടപ്പാക്കുക.

8. വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുക.

9. വിവിധ വകുപ്പുകളേയും തൊഴിലാളി യൂണിയനുകളേയും സന്നദ്ധസംഘടനകളേയും സഹകരിപ്പിച്ച് തൊഴിലാളികൾക്കിടയിൽ വിശപ്പിൽ നിന്ന് വിമോചനം (Freedom from Hunger) പദ്ധതി നടപ്പിലാക്കുക.

10. പൂട്ടിയിട്ട തൊഴിൽശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

## അനുബന്ധം 3
## താമസിച്ച് ലഭ്യമായ ഉത്തരങ്ങൾ

**(3444) മത്സ്യബന്ധന മേഖലയിൽ വയർലെസ് സൗകര്യം**

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയിൽ വയർലെസ് വാർത്താവിനിമയ സൗകര്യം ഏർപ്പെടുത്തുവാൻവേണ്ടി ഫിഷറീസ് വകുപ്പു നയപരമായി തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രാരംഭമെന്ന നിലയിൽ എറണാകുളം-വൈപ്പിനിൽ നടത്തിയ പരീക്ഷണം തീർത്തും വിജയകരമായിരുന്നു എന്ന വാർത്തയുടെ നിജസ്ഥിതി എന്താണ്;

(സി) മത്സ്യബന്ധനബോട്ടുകളിലും വള്ളങ്ങളിലും വയർലെസ് സംവിധാനം ഏർപ്പെടുത്തിയാൽ ആ മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രത്യക്ഷമായി എന്തെല്ലാം ഗുണങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവിന് ഏതെങ്കിലും രീതിയിൽ സബ്സിഡി കൊടുക്കുവാൻ ഫിഷറീസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതിനെപ്പറ്റി കൂടുതലായി വിശദീകരിക്കുമോ;

(എഫ്) വയർലസ് സെറ്റ് ഘടിപ്പിച്ച ബോട്ടിലോ വള്ളത്തിലോ ഉൾക്കടലിൽപ്പോയി മത്സ്യബന്ധനം നടത്തുന്നവർക്ക് കരയിലുള്ള വള്ളമുടമയുമായി ബന്ധപ്പെടുവാനുള്ള സൗകര്യം ഉണ്ടാകുമോ;

(ജി) എങ്കിൽ ഏതുവിധത്തിലാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(എച്ച്) ഘട്ടംഘട്ടമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ ആദ്യ ഘട്ടം എവിടെയാണ് ആരംഭിക്കുന്നത്; എന്നുമുതൽ ആരംഭിക്കും;

(ഐ) മത്സ്യബന്ധനജീവനക്കാർക്ക് വയർലസ് സെറ്റുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി പരിശീലനം നൽകുവാൻ ഫിഷറീസ് വകുപ്പിൽ എന്തെങ്കിലും പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) എങ്കിൽ അതിനെപ്പറ്റി വിശദീകരിക്കുമോ;

(കെ) ഈ പദ്ധതിക്കുവേണ്ടി ഏതുതരം വയർലസ് ഉപകരണങ്ങൾ നൽകാനാണ് ഫിഷറീസ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത്;

(എൽ) വയർലസ് സെറ്റുകൾ ഉപയോഗിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുമതി ലഭിച്ചത്?

ഉത്തരം

(എ) ഉണ്ട്.

(ബി) പരീക്ഷണം തീർത്തും വിജയകരമായിരുന്നു.

(സി) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കരയുമായി ബന്ധപ്പെടാൻ കഴിയും. അവരുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുവാനും അവരിൽ സുരക്ഷിതത്വബോധം വർദ്ധിപ്പിക്കുവാനും സാധിക്കും. കാലാവസ്ഥാമാറ്റങ്ങൾ യഥാസമയം മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരെ അറിയിക്കുവാനും അതുമൂലം അപകടം കുറയ്ക്കുവാനും കഴിയും. മത്സ്യബന്ധനം കഴിഞ്ഞു കരയിൽ എത്തുന്ന ഏകദേശസമയം മത്സ്യത്തൊഴിലാളിക്ക് മുൻകൂട്ടി കരയിൽ അറിയിക്കുവാൻ സാധിക്കും. ഇതുവഴി വിപണനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ മുൻകൂട്ടി ഏർപ്പെടുത്തുവാൻ സാധിക്കും.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) ഉണ്ടാകും.

(ജി) റിപ്പീറ്റർ സ്റ്റേഷൻവഴി ഫിഷറീസ് ബേസ് സ്റ്റേഷനുമായി ബന്ധപ്പെടാൻ സൗകര്യമുണ്ടായിരിക്കും. വള്ളം ഉടമയ്ക്ക് ബേസ് സ്റ്റേഷനുമായി ബന്ധപ്പെട്ടു വിവരങ്ങൾ അറിയാൻ കഴിയും.

(എച്ച്) തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള കടലോരപ്രദേശത്ത് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളു.

(ഐ)&(ജെ) നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല. എന്നാൽ വയർലസ് സംവിധാനം നിലവിൽ വരുന്ന മുറയ്ക്ക് പരിശീലനം നൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

(കെ) ബേസ് സ്റ്റേഷനുകളിലും റിപ്പീറ്റർ സ്റ്റേഷനുകളിലും സാധാരണ വയർലസ് ഉപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് മറൈൻ സെറ്റുകളും നൽകാനാണ് ഉദ്ദേശിക്കുന്നത്.

(എൽ) കേന്ദ്ര ഗവണ്മെന്റിന്റെ തത്വത്തിലുള്ള അംഗീകാരം 25.1.99 ൽ ലഭിച്ചിട്ടുണ്ട്.

**(3446) മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം**

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യക്കൃഷിക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഉല്പാദിപ്പിക്കുന്നതെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly